# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 04, Issue: 01

ഫെബ്രുവരി 6 ചൊവ്വ 2024

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


## ആരവമുയർത്തി അത്‌ലോസ്-24

### ട്രൈബൽ കായികമേള : ആറളം ജേതാക്കൾ

**ജോമോൾ ജോർജ്ജ്**



*അത്‌ലോസ് - 24 വിജയികളായ ആറളം സി. ഡി. എസ് ടീം ട്രോഫിയുമായി*

കണ്ണൂർ: കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷന്റെ നേതൃത്വത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും യുവജനങ്ങൾക്കുമായി മാങ്ങാട്ടുപറമ്പ് കെ. എ. പി ബറ്റാലിയൻ ഗ്രൗണ്ടിൽ രണ്ടാമത് ട്രൈബൽ കായികമേള 'അത്‌ലോസ് - 24' സംഘടിപ്പിച്ചു. കായികമേളയിൽ 156 പോയിന്റുകളുമായി ആറളം കുടുംബശ്രീ സി. ഡി. എസ് തുടർച്ചയായി രണ്ടാമതും ചാമ്പ്യന്മാരായി. 121 പോയിന്റുകളോടെ കോളയാട് കുടുംബശ്രീ സി. ഡി. എസ് രണ്ടാം സ്ഥാനവും ഉളിക്കൽ കുടുംബശ്രീ സി. ഡി. എസ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

പൊതുസ്കൂൾ മീറ്റുകളിലൊന്നും പങ്കെടുക്കാൻ അവസരം കിട്ടാതെ പോകുന്ന പട്ടികവർഗ്ഗ മേഖലയിലെ കായിക താരങ്ങൾക്ക് ജില്ലാ തലത്തിൽ മത്സരിക്കാനും അവരുടെ കായിക മികവ് പ്രകടിപ്പിക്കാനുമുള്ള അവസരം സൃഷ്ടിക്കുകയാണ് അത്‌ലോസ് - 24 ന്റെ പ്രധാന ലക്ഷ്യം. ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലായി താമസിച്ചു വരുന്ന 6 ബ്ലോക്ക് പഞ്ചായത്ത് പരിധിയും ശ്രീകണ്ഠാപുരം, ഇരിട്ടി നഗരസഭാ പരിധിയും ഉൾപ്പെടുന്ന 26 തദ്ദേശ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചു നടത്തിയ ഈ സ്പോർട്സ് മീറ്റിൽ വിവിധയിടങ്ങളിൽ നിന്നായി 11 വയസ്സു മുതൽ 23 വയസ്സുവരെയുള്ള നാനൂറ്റമ്പതിലധികം കായിക താരങ്ങളാണ് പങ്കെടുത്തത്.

'ചരിത്രം അരികുവത്കരിച്ചവർക്കൊപ്പം ചേർന്നു നിൽക്കുകയാണ് കുടുംബശ്രീ പോലുള്ള സാമൂഹ്യ പ്രസ്ഥാനങ്ങളുടെ പ്രധാന കടമ. കുടുംബശ്രീ തലത്തിൽ പട്ടികവർഗ്ഗ മേഖലയിൽ പ്രത്യേകമായി ഇടപെടൽ നടത്താനായി 2008 മുതൽ ആരംഭിച്ച നിരവധി പദ്ധതികളിൽ കുട്ടികൾ, യുവജനങ്ങൾ, സ്ത്രീകൾ തുടങ്ങിയവർ പങ്കാളികളാണ്. ചാരം മൂടിയ കനലുകൾ തട്ടിക്കുടഞ്ഞ് സ്വയം പ്രകാശിക്കാൻ, പട്ടികവർഗ്ഗ സമൂഹത്തിന് വഴിയൊരുക്കുക എന്ന ലക്ഷ്യവുമായാണ് 2023 ൽ അത്‌ലോസിന് കണ്ണൂരിലെ കുടുംബശ്രീ തുടക്കമിട്ടത്. ഒരു പരിധി വരെ വിജയിച്ചു എന്ന് കരുതാം. ഇനിയും ഏറെ മുന്നേറാനുണ്ട്. ഒന്ന് ഉറപ്പാണ്. അത്‌ലോസ് ഇനിയും തുടരും." കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷൻ കോർഡിനേറ്റർ, ഡോ. എം. സുർജിത്ത് പറഞ്ഞു.



*വ്യക്തിഗത ചാമ്പ്യൻ ശ്രീജിത*



*വ്യക്തിഗത ചാമ്പ്യൻ നവീൻ*

മത്സര ജേതാക്കൾക്ക് മെഡൽ, മെമന്റോ എന്നിവയും ആദ്യ മൂന്നു സ്ഥാനം കരസ്ഥമാക്കിയ ടീമുകൾക്ക് ഓവറോൾ ട്രോഫിയും നൽകി. ട്രാക്കിലെ താരങ്ങളായി 15 പോ യിന്റ് വീതം നേടി ആറളം സി. ഡി. എസ് ലെ നവീനും പാട്യം സി. ഡി. എസിലെ ശ്രീജിതയും തിരഞ്ഞെടുക്കപ്പെട്ടു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി. പി. ദിവ്യ ഫ്ളാഗ് ഓഫ് ചെയ്ത പരിപാടിയിൽ അസി. കളക്ടർ അനൂപ് കാർഗ് ഐ. എ. എസ്, ദേശീയ ജൂഡോ സ്വർണ്ണ മെഡൽ നേതാവ് എം. അശ്വതി എന്നിവർ മുഖ്യ അതിഥികളായിരുന്നു.

## പ്രതിഭാപുരസ്കാരം; ജേതാക്കളെ ആദരിച്ചു

**പ്രിൻസ് ജോസഫ്**

പഠനത്തിൽ മികച്ച നേട്ടം കൈവരിച്ചതിന് മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം കരസ്തമാക്കിയ ഡോൺ ബോസ്കോ കോളേജിലെ വിദ്യാർത്ഥികളെ ആദരിച്ചു.

സൈക്കോളജി ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി കെ പി അഖിലയേയും മാത്തമാറ്റിക്സ് വിഭാഗം പൂർവ്വവിദ്യാർത്ഥിനി എം സി സ്വാതിയേയും കണ്ണൂർ സർവ്വകലാശാലാ സിൻഡിക്കേറ്റ് അംഗവും കിലാ ഡയറക്ടറുമായ ഡോ. എ അശോകൻ മെമന്റോ നൽകി ആദരിച്ചു. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം.

## സഹപാഠിക്ക് ഒരു കൈതാങ്ങ്

**പ്രിൻസ് ജോസഫ്**

അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് യു പി സ്കൂളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി സഹായിക്കുന്നതിന് 'സഹപാഠിക്ക് ഒരു കൈതാങ്ങ്' പദ്ധതി ആരംഭിച്ചു. പദ്ധതിയുടെ ഭാഗമായി സഹായം ആവശ്യമുള്ള എട്ട് വിദ്യാർത്ഥികളെ കണ്ടെത്തി വിദ്യാർത്ഥികളിൽ നിന്നും അധ്യാപകരിൽ നിന്നും സമാഹരിച്ച ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തു കൊണ്ട് സ്കൂൾ ഹെഡ്മിസ്ട്രസ് ഷൈനി മാത്യു പദ്ധതി ഉദ്ഘാടനം നിർവ്വഹിച്ചു.

'വിദ്യാർത്ഥികൾക്കിടയിലെ സൗഹൃദം, പരസ്പര സഹായമനസ്കത എന്നിവ വളർത്താൻ ആരംഭിച്ച പദ്ധതി ആദ്യദിവസം തന്നെ മാതാപിതാക്കളുടേയും വിദ്യാർത്ഥികളുടേയും സഹകരണത്താൽ വലിയ വിജയമായിരുന്നു. തുടർന്നും ഈ പദ്ധതിയുമായി മുൻപോട്ടുപോകും'. സ്കൂൾ മാനേജർ ഫാ.ബോബൻ റാത്തപ്പള്ളി പറഞ്ഞു.

## ഡോൺ ബോസ്കോയുടെ സ്നേഹതണലിൽ ഒരു വീട് കൂടി

**പ്രിൻസ് ജോസഫ്**

അങ്ങാടിക്കടവ്: ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ് എൻ എസ് എസ് യൂണിറ്റുകൾ നിർമിച്ചു നൽകിയ ആറാമത്തെ സ്നേഹവീടിന്റെ താക്കോൽ ദാനം നിർവ്വഹിച്ചു.

കണ്ണൂർ സർവ്വകലാശാലാ സിൻഡിക്കേറ്റ് അംഗവും കിലാ ഡയറക്ടറുമായ ഡോ. എ അശോകനും കണ്ണൂർ സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ്സ് സർവ്വീസ് ഡയറക്ടറും സർവ്വകലാശാലാ എൻ എസ് എസ് കോർഡിനേറ്ററുമായ ഡോ. ടി. പി നഫീസ ബേബിയും ചേർന്ന് നിർധന കുടുംബത്തിന് സ്നേഹവീടിന്റെ താക്കോൽ നൽകി.

എല്ലാ വർഷവും പലകാരണങ്ങളാൽ സർക്കാരിൽ നിന്നും മറ്റും യാതൊരുവിധ ധനസഹായവും ലഭിക്കാത്ത നിർധനരായ വ്യക്തികൾക്ക് കോളേജ് എൻ എസ് എസ് യൂണിറ്റുകൾ സ്നേഹവീട് പദ്ധതിയിലുൾപ്പെടുത്തി നിർമിച്ചു നൽകുന്ന ആറാമത്തെ വീടാണിത്. പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും ധനസമാഹരണ ചാലഞ്ചുകൾ നടത്തിയും കൂപ്പൺ പിരിവ് എടുത്തും വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും അനധ്യാപകരുടേയും സഹായത്തോടെ എട്ടുലക്ഷം രൂപ മുതൽ മുടക്കി 750 ചതുരശ്ര അടിയിൽ രണ്ട് കിടപ്പുമുറികൾ, അടുക്കള, ഹാൾ, സിറ്റൗട്ട് എന്നിവയുള്ള വീട് നിർമിച്ചു നൽകിയത്.





*സ്നേഹവീടിന്റെ താക്കോൽ ഡോ. എം അശോകനും ഡോ. ടി. പി നഫീസാ ബേബിയും കൈമാറുന്നു.*

'ഓരോ വർഷവും ഓരോ വീട് നിർമിച്ചു നൽകുകയെന്ന ആശയത്തിലൂടെ സാമൂഹിക പ്രതിബദ്ധതയുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കുക എന്നതാണ് ലക്ഷ്യം. സ്നേഹവീടു നിർമാണം എല്ലാവർഷവും ഉറപ്പാക്കുന്ന എൻ എസ് എസ് യൂണിറ്റുകൾ ഡോൺ ബോസ്കോയിലുള്ളതുകൊണ്ടാണ് നാലു തവണ കണ്ണൂർ യൂണിവേഴ്സിറ്റിയിലെ ഏറ്റവും മികച്ച യൂണിറ്റായും പ്രോഗ്രാം ഓഫീസറായും വോളണ്ടിയറായും പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുള്ളത്'. കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ഫ്രാൻസിസ് കാരക്കാട്ട് പറഞ്ഞു.

കോളേജ് മാനേജർ ഫാ.ബാസ്റ്റിൻ നെല്ലിശ്ശേരി, കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ഫ്രാൻസിസ് കാരക്കാട്ട്, പി.ടി.എ വൈസ് പ്രസിഡന്റ് മാത്തുക്കുട്ടി പന്തപ്ലാക്കൽ, പി.ടി.എ വൈസ് ചെയർപേഴ്സൺ മേഴ്സി മരിയ, വൈസ് പ്രൻസിപ്പൽ ഫാ.ജെയ്സൻ അന്തിക്കാട്ട്, കോളേജ് കൗൺസിലർ കെ ജെ ജോസ്, കോളേജ് യൂണിയൻ ചെയർമാൻ നെൽവിൻ മാത്യു ഷൈജു, എൻ എസ് എസ് പ്രോഗ്രാം ഓഫീസർമാരായ ഫാ. എം ടി ജോജോ, ജെയ്നി എൻ ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

## ലൈഫ് മിഷൻ; വീട് നിർമിച്ച് നൽകി

**ജോമോൾ ജോർജ്ജ്**

ഉരുപ്പുംകുറ്റി: ലൈഫ് മിഷൻ പദ്ധതി പ്രകാരം 2022-2023 വർഷത്തിലെ രണ്ടാം ഘട്ട ലൈഫ് വീടുകളുടെ താക്കോൽ ദാനം ഉരുപ്പുംകുറ്റി പട്ടിക വർഗ്ഗ കോളനിയിൽ പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ നിർവ്വഹിച്ചു.

ഹഡ്കോയുടേയും (ഹൗസിംഗ് ഡെവലപ്മെന്റ് കോർപ്പറേഷൻ) കേരള ഗവൺമെന്റിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തിവരുന്ന ലൈഫ് വീട് പദ്ധതി പ്രകാരം കോളനിയിലെ ആറ് കുടുംബങ്ങൾക്കാണ് വീട് ലഭിച്ചത്.

അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ബീന റോജസ്, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ സീമ സനോജ്, മെമ്പർമാരായ ജോസ് എ വൺ, സെലീന ബിനോയി എന്നിവർ സന്നിഹിതരായിരുന്നു.

മൂന്നു മാസം കൊണ്ട് നാലു ലക്ഷം രൂപ ചെലവിൽ 450 ചതുരശ്ര അടിയിൽ രണ്ട് കിടപ്പുമുറികൾ, ഹാൾ, അടുക്കള, ബാത്ത്റൂം എന്നിവയുള്ള വീടാണ് നിർമിച്ചു നൽകിയത്.





*ലൈഫ് മിഷൻ പദ്ധതിയിൽ നിർമിച്ച വീടിന്റെ താക്കോൽ പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ കൈമാറുന്നു.*

# എഡിറ്റോറിയൽ

## മനസ്സുനന്നാവട്ടെ...മനുഷ്യനാവട്ടെ

പരസ്പരം ആശ്രയിച്ചു മുന്നോട്ട് പോകുന്ന മനുഷ്യജീവിതങ്ങളിൽ ഒഴിച്ചു കൂടാനാവാത്ത മൂല്യമാണ് പരസ്പരമുള്ള കരുതൽ. മനുഷ്യൻ മനുഷ്യനാകുന്നതിലും ഒന്നിച്ചു ജീവിക്കുന്നതിലും ഈ മൂല്യങ്ങൾക്കുള്ള പ്രാധാന്യം വളരെ വലുതാണ്. വിദ്യാഭ്യാസം കൊണ്ട് യഥാർത്ഥത്തിൽ ലക്ഷ്യം വയ്ക്കപ്പെടേണ്ടതും നല്ല മനുഷ്യരെ വാർത്തെടുക്കുക എന്നതാണ്.

കുട്ടികളായിരിക്കുമ്പോഴെ കരുതലിന്റെ കരങ്ങൾ ആവശ്യക്കാരിലേക്ക് എത്തിക്കുവാൻ തയ്യാറാകുന്നവർ നല്ല നാളെയുടെ പ്രതീക്ഷയാണ്. ഭൗതീക സാമ്പത്തിക കാര്യങ്ങളിൽ പിന്നോക്കം നിൽക്കുന്ന കൂട്ടുകാരെ കണ്ടെത്തി, അത്യധികം ആത്മാർത്ഥയോടെ അവരുടെ ആവശ്യങ്ങളിൽ അനുഗ്രഹമായി മാറുന്നവർ ഈ പ്രതീക്ഷ ഊട്ടിയുറപ്പിക്കുന്നു.

പലവിധ ജീവിതസാഹചര്യങ്ങൾകൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുന്ന നിരവധിപേർ നമുക്ക് ചുറ്റുമുണ്ട്. നമ്മോടൊപ്പം അവരെയും ചേർത്തുനിർത്തേണ്ട ധാർമ്മിക ഉത്തരവാദിത്വം മനസിലാക്കി സ്വന്തമായി സ്വരുകൂട്ടി നൽകാൻ കഴിയുന്നില്ലെങ്കിലും വിവിധ സാമൂഹിക പ്രവർത്തനങ്ങളിലൂടെ, ധനസമാഹരണത്തിലൂടെ, സുമനസ്സുകളുടെ സഹായത്തോടെ അപരനെ ചേർത്തു പിടിക്കുമ്പോഴാണല്ലോ നമ്മളിലെ മനുഷ്യത്വം അർത്ഥമുള്ളതാവുക. ഇത്തരം കരുതലാണ് നാളിതുവരെ നമ്മുടെ ചുറ്റും ഉയർന്നു വന്നിട്ടുള്ള സ്നേഹവീടുകൾ മുതൽ ഓരോ ജീവകാരുണ്യപ്രവർത്തനങ്ങളിലും പ്രകടമാകുന്നത്.

സാമ്പത്തിക ഭദ്രത കുറഞ്ഞവരെയും മറ്റു സാമൂഹിക അടിസ്ഥാന ചുറ്റുപാടുകളിൽ പിന്നോക്കാവസ്ഥയിലായിരിക്കുന്നവരെയും സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്നത് സർക്കാരിന്റെ ഒഴിച്ചുകൂടാനാവാത്ത കടമയാണ്. സാമൂഹിക- ജീവിത ഉന്നമനത്തിനായി ലൈഫ് മിഷൻ പോലെ വ്യത്യസ്തമായ പദ്ധതികൾ നിലവിലുണ്ട്. എന്നാൽ അവയ്ക്ക് നൽകുന്ന സാമ്പത്തിക സഹായം വളരെ കുറവാണ്. അധികാരത്തിലിരിക്കുന്നവരുടെ ധൂർത്തുകൾ സ്ഥിരക്കാഴ്ചയാവുമ്പോൾ പൊതുജനങ്ങളുടെ അടിസ്ഥാന സൗകര്യവികസനങ്ങളിൽ പോലും അർഹിക്കുന്ന സാമ്പത്തിക പരിഗണന നൽകാത്തത് തികച്ചും നീതിനിഷേധമാണ്. അതുമാറുക തന്നെ വേണം.

– എഡിറ്റർ

# അംബ്രോസിയ വണ്ട് നിയന്ത്രണം: ഏകദിന ശിൽപ്പശാല നടത്തി

ജോമോൾ ജോർജ്ജ്



കണ്ണൂർ കൃഷി വിജ്ഞാന വിഭാഗം മേധാവി പി. ജയരാജ് ക്ലാസ്സ് നയിക്കുന്നു.

അങ്ങാടിക്കടവ്: അയ്യൻകുന്ന് പഞ്ചായത്തിൽ ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെട്ട അംബ്രോസിയ വണ്ടിനെ (യൂപ്ലാറ്റിപ്പസ് പാരലലസ്) നിയന്ത്രണ വിധേയമാക്കുന്നതിനായി കൃഷിഭവന്റെ നേതൃത്വത്തിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു.

അയ്യൻകുന്ന് പഞ്ചായത്ത് മുടയരിഞ്ഞി സ്വദേശി ജോർജ്ജ് കിളിയന്തറയുടെ റബ്ബർ തോട്ടത്തിൽ വിളകൾ വ്യാപകമായി നശിക്കപ്പെടുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് തിരുവനന്തപുരം കാർഷിക സർവ്വകലാശാലാ അധികൃതർ നടത്തിയ പഠനത്തിൽ നിന്നാണ് യൂപ്ലാറ്റിപ്പസ് പാരലലസ് എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന അംബ്രോസിയ വണ്ടാണ് ഇതിനുകാരണമെന്ന് കണ്ടെത്തുന്നത്. റബ്ബറിനെ കൂടാതെ പ്ലാവ്, മാവ്, കശുമാവ്, റംബൂട്ടാൻ, ആഞ്ഞിലി, തെങ്ങ്, കമുക്, തേക്ക് എന്നീ വിളകളിലും ഇതിന്റെ ആക്രമണം കണ്ടുവരുന്നുണ്ട്. കീടാക്രമണം ബാധിച്ച പ്ലാവിൽ നിന്നും ശേഖരിച്ച സാമ്പിളുകളിൽ നിന്നും ഫ്യൂ സേറിയം കുമിളിന്റെ ( ഫംഗസ്) സാന്നിധ്യവും സ്ഥിരീകരിച്ചിട്ടുണ്ട്.

ഏകദേശം നാലു മുതൽ അഞ്ചു മില്ലീമീറ്റർ വരെ വലുപ്പത്തിൽ കാണപ്പെടുന്ന ഈ കീടത്തിന്റെ ആക്രമണമുള്ള തടികളിൽ മൊട്ടുസൂചി വലിപ്പത്തിലുള്ള ചെറിയ ദ്വാരങ്ങൾ കാണാവുന്നതാണ്. ഈ ദ്വാരങ്ങൾ വഴി നൂല് പോലെ മരപ്പൊടി തൂങ്ങിനിൽക്കുന്നതും ഇതിന്റെ ലക്ഷണമാണ്. എന്നാൽ കമുകിൽ ഈ ദ്വാരങ്ങൾ വഴി പശ പോലുള്ള ദ്രാവകം ഒഴുകിവരുന്നതായിട്ടാണ് കാണുന്നത്.

'മാറിവരുന്ന കാലാവസ്ഥാ വ്യതിയാനം, വരൾച്ച, അധികരിച്ച മഴ എന്നിവ മൂലം സസ്യങ്ങൾക്കുണ്ടാകുന്ന സ്ട്രസ്സ്, മണ്ണിലെ അധികരിച്ച അമ്ലത, പോഷക മൂലകങ്ങളിലെ വ്യതിയാനം, സസ്യസംരക്ഷണ മുറകളിലെ പോരായ്മ തുടങ്ങിയവ കീടബാധ രൂക്ഷമാകാൻ കാരണമാകുന്നു. വണ്ടിന്റെ ആക്രമണവും കുമിളിന്റെ സാന്നിധ്യവും ഉള്ളതിനാൽ ഇവയെ നിയന്ത്രണവിധേയം ആക്കുന്നതിന് കീടനിയന്ത്രണവും രോഗനിയന്ത്രണവും സംയോജിപ്പിച്ചു തന്നെ നടത്തേണ്ടതാണ്'. കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. പി ജയരാജ് പറഞ്ഞു.

അയ്യൻകുന്ന് പഞ്ചായത്ത് ഹാളിൽ നടന്ന ഏകദിന ശിൽപശാല അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ ഉദ്ഘാടനം ചെയ്തു. കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. പി ജയരാജ്, ഡോ. കെ പി മഞ്ജു എന്നിവർ ക്ലാസ്സുകൾ നയിച്ചു.

കൃഷി ഓഫീസർ ജിംസി മരിയ, ആത്മ (അഗ്രിക്കൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി) പ്രോജക്ട് ഡയറക്ടർ എം. എൻ. പ്രദീപൻ, ഡെപ്യൂട്ടി ആത്മ പ്രോജകട് ഡയറക്ടർ കെ. സുരേന്ദ്രൻ, ക്ഷേമകാര്യ സ്റ്റാൻഡിംങ് കമ്മിറ്റി ചെയർപേഴ്സൺ സീമ സനോജ്, വികസനകാര്യ സ്റ്റാൻഡിംങ് കമ്മിറ്റി ചെയർമാൻ ഐസക് ജോസഫ് തുടങ്ങിയവർ സംസാരിച്ചു. വിവിധ വാർഡുകളിൽ നിന്നും 47 കർഷകർ ശിൽപ്പശാലയിൽ പങ്കെടുത്തു.

# കുഷ്ഠരോഗ നിർമാർജനവുമായി അയ്യൻകുന്ന്

മരിയ ജോയ്

ദേശീയ കുഷ്ഠരോഗ നിർമാർജന പദ്ധതിയായ സ്പർശിന്റെ പഞ്ചായത്തുതല ഉദ്ഘാടനം അയ്യൻകുന്ന് പഞ്ചായത്ത് ഹാളിൽ പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ നിർവഹിച്ചു. ജനുവരി 30 മുതൽ ഫെബ്രുവരി 12 വരെ നീണ്ടുനിൽക്കുന്ന പദ്ധതിയിൽ ജനങ്ങൾക്ക് കുഷ്ഠരോഗത്തെക്കുറിച്ച് ബോധവൽക്കരണം നൽകുകയാണ് പ്രധാന ലക്ഷ്യം.

അങ്ങാടിക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ വി. വി. രാജേഷ് പ്രസ്തുത പദ്ധതി വിശദീകരിക്കുകയും കുഷ്ഠരോഗത്തെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

'പദ്ധതിയുടെ ഭാഗമായി ക്യാമ്പുകളിൽവച്ച് ശരീരത്തിലെ സ്പർശനശേഷിയില്ലാത്ത പാടുകൾ പരിശോധിച്ചു കുഷ്ഠരോഗ ലക്ഷണം ആണോ അല്ലയോ എന്നുറപ്പുവരുത്തുകയും, കുട്ടികളിൽ കുഷ്ഠരോഗ ലക്ഷണം കാണുന്നത് മുൻപത്തേതിനേക്കാൾ കൂടുതലായതിനാൽ ആവശ്യമെങ്കിൽ സ്കൂളുകളിലും ക്യാമ്പ് സംഘടിപ്പിച്ചു പരിശോധന നടത്തുക യും ചെയ്യും'. അങ്ങാടിക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ വി വി രാജേഷ് പറഞ്ഞു.

# വിരവിമുക്ത പ്രവർത്തനങ്ങൾക്ക് തുടക്കമായി

മരിയ ജോയ്

സംസ്ഥാന ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന വിരവിമുക്ത പ്രവർത്തനങ്ങൾക്ക് അയ്യൻകുന്ന് പഞ്ചായത്തിൽ തുടക്കം കുറിച്ചു.

പഞ്ചായത്തുതല പ്രവർത്തനങ്ങളുടെ ഉദ്ഘാടനം പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ നിർവഹിച്ചു. തുടർന്ന് വിരവിമുക്ത പ്രവർത്തനങ്ങളുടെ ആവശ്യകതയേക്കുറിച്ച് പൊതു ആരോഗ്യപ്രവർത്തക ഗിരിജ ക്ലാസ്സെടുത്തു.

'പ്രവർത്തനങ്ങളുടെ ഭാഗമായി ദേശീയ വിര വിമുക്ത ദിനമായ ഫെബ്രുവരി എട്ടിന് ഒന്നു മുതൽ 19 വയസ്സ് വരെയുള്ള കുട്ടികൾക്ക് പ്രതിരോധ മരുന്നുകൾ വിതരണം ചെയ്യും. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വ ത്തിൽ അധ്യാപകരുടെയും ആശാവർക്കർമാരുടെയും സാന്നിധ്യത്തിൽ മരുന്നുകൾ നൽകും. ഫെബ്രുവരി എട്ടിന് പ്രതിരോധ മരുന്ന് സ്വീകരിക്കാൻ കഴിയാത്ത കുട്ടികൾക്ക് ഫെബ്രുവരി 15ന് നൽകുന്നതാ യിരിക്കും'. അങ്ങാടിക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ വി. വി. രാജേഷ് പറഞ്ഞു.

പഞ്ചായത്തംഗങ്ങൾ, ആശാവർക്കർമാർ, അധ്യാപകർ, എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# ടി ബി മുക്ത പഞ്ചായത്ത്

മരിയ ജോയ്

ദേശീയ തലത്തിൽ നടക്കുന്ന ടി ബി മുക്ത പഞ്ചായത്ത് പദ്ധതിക്ക് അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ തുടക്കം കുറിച്ചു. പഞ്ചായത്ത് ഹാളിൽ നടന്ന പരിപാടി പ്രസിഡന്റ് കുര്യാച്ചൻ പൈമ്പളികുന്നേൽ ഉദ്ഘാടനം ചെയ്തു.

ക്ഷയവിമുക്ത പഞ്ചായത്ത് എന്നതാണ് ഒരു വർഷം നീണ്ടുനിൽക്കുന്ന പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഉദ്ഘാടനം ചടങ്ങിനോട് അനുബന്ധിച്ച് പഞ്ചായത്തുതല സമിതി രൂപീകരണവും നടന്നു.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സിന്ധു ബെന്നി, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബീന റോജസ്, വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഐസക് ജോസഫ്, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സീമ സനോജ്, രണ്ടാം കടവ് ഹോമിയോ ഡിസ്പെൻസറി ഡോക്ടർ മുനീർ, കരിക്കോട്ടക്കരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഡോക്ടർ ജയകൃഷ്ണൻ ഹെൽത്ത് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# ഏകദിന ശിൽപശാല സംഘടിപ്പിച്ചു




അപർണ രമേശ്

ഡോൺബോസ്കോ കോളേജും അയ്യൻകുന്ന് ഗ്രാമപഞ്ചായത്തും സംയുക്തമായി 'പൊതുജനാരോഗ്യം നേരിടുന്ന വെല്ലുവിളി' എന്ന വിഷയത്തിൽ ഏകദിന ശിൽപശാല സംഘടിപ്പിച്ചു.

പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ പൊതുജനാരോഗ്യം ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന കോഗന്റ് പബ്ലിക് ഹെൽത്തിന്റെ എഡിറ്റർ ഇൻ ചീഫും മുൻ യു. എൻ ആരോഗ്യ ഉപദേഷ്ടാവുമായ ഡോ. ജോ തോമസ് മുഖ്യ പ്രഭാഷണം നടത്തി. കൂടാതെ ആരോഗ്യസംബന്ധമായ വിവിധ വിഷയങ്ങളിൽ ആയുഷ്മാൻ പ്രാഥമിക ആരോഗ്യ കേന്ദ്രം ആയുർവേദ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ

ഡോ. രാധികയും ഐ. സി. ഡി. എസ് സൂപ്പർവൈസർ കെ ഗീതയും ക്ലാസ്സുകൾ എടുത്തു.

അയ്യൻകുന്ന് പഞ്ചായത്തിന്റെ ആരോഗ്യകാഴ്ചപ്പാടുകളെക്കുറിച്ചും വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങളെക്കുറിച്ചും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സിന്ധു ബെന്നി സംസാരിച്ചു. പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ആശാവർക്കർമാർ, മെഡിക്കൽ ഓഫീസർമാർ, ആരോഗ്യപ്രവർത്തകർ, ഐ. സി. ഡി. എസ് സൂപ്പർവൈസർമാർ എന്നിവർ പങ്കെടുത്തു.

# ആനന്ദമായി വയോജന കലാമേള

അപർണ രമേശ്

പഞ്ചായത്തിലെ വയോജനങ്ങൾക്കായി വയോജന കലാമേള സംഘടിപ്പിച്ച് അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത്. ഡോൺബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജും പഞ്ചായത്തും സംയുക്തമായി നടത്തിയ മേള പേരാവൂർ നിയോജകമണ്ഡലം എംഎൽഎ അഡ്വ. സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു.


പഞ്ചായത്തിന് കീഴിലുള്ള 16 വാർഡുകളിൽ നിന്നായി നൂറോളം വയോജനങ്ങൾ പങ്കെടുത്ത പരിപാടിയിൽ കോളേജ് സോഷ്യൽ വർക്ക് വിഭാഗം വിദ്യാർത്ഥികൾ വയോജനങ്ങൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ നൽകി.

'വയോജനങ്ങളിൽ മാനസ്സികോല്ലാസ്സം കണ്ടെത്തുക, സർഗ്ഗശേഷി വർധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കലാമേള അരങ്ങേറിയത്. ഒഴിവു സമയങ്ങളെ ആനന്ദകരമാക്കാനും ഒറ്റപ്പെടലുകളിൽ നിന്നും മുക്തിനേടുവാനും ഇത്തരത്തിലുള്ള കലാമേളകൾ പ്രയോജനകരമാണ്.' പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ പറഞ്ഞു.

# മിനുക്കിയെടുത്ത കവിതകൾ

അപർണ രമേശ്






ഇന്റർനാഷണൽ കലാം ഗോ ൾഡൻ അവാർഡ്, ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്, ഇന്ത്യ ബുക്ക് ഓഫ് സ്കൂൾ റെക്കോർഡ്, കേരള ബുക്ക് ഓഫ് സ്കൂൾ റെക്കോർഡ് തുടങ്ങി നിരവധി അവാർഡുകൾ ആദ്യ കവിതാസമാഹാരത്തിൽ തന്നെ നേടി എഴുത്തിന്റെ ലോകത്ത് പുതു ചരിത്രം രചിക്കുകയാണ് അനി ൽ പുനർജ്ജനി എന്ന ഇ. എസ് അനിൽകുമാർ.

അഞ്ചാം വയസ്സിൽ കടലാസിൽ കോറിയിട്ട കുഞ്ഞുവരികളിൽ നിന്നും അവാർഡുകൾ നിരവധി നേടിയ വഴിയരികിൽ എന്ന കവിതാസമാഹാരം, ഇരുന്നൂറ്റമ്പതിലധികം കവിതകൾ, ശില്പ നിർമാണം, ചിത്രരചന തുടങ്ങി കലാലോകത്ത് വിസ്മയം തീർക്കുകയാണ് ഈ കുന്നോത്ത് സ്വദേശി.

പ്രശസ്ത എഴുത്തുകാരൻ മുരുകൻ കാട്ടാക്കട പ്രകാശനം ചെയ്ത 'വഴിയരികിൽ' തുടങ്ങി എഴുത്തുരൂപത്തിലുള്ള കവിതകൾക്കുപുറമേ ശബ്ദരൂപത്തിലും ദൃശ്യരൂപത്തിലും അനിൽ സൃഷ്ടിക്കുന്ന കവിതകൾക്ക് നവമാധ്യമങ്ങളിലടക്കം ആസ്വാദകർ ഏറെയാണ്. 'കവിതകൾ എനിക്ക് ഏറെ പ്രിയപ്പെട്ടതാണ്. ആസ്വാദകർ കൂടുതലും കവിതകൾക്കാണ്. എങ്കിലും ഉപജീവനമാർഗമായി ഞാൻ കാണുന്നത് ഇരുപത്തിരണ്ടു വർഷമായി തുടരുന്ന ശില്പനിർമാണമാണ്'. അനിൽ പറയുന്നു. വരിക്കപ്ലാവിന്റെ തടിയിൽ വാണിയങ്കാവ് ക്ഷേത്രത്തിൽ തീർത്ത മൂടി, ഉയരമുള്ള ഭദ്രകാളി ശില്പം മുതൽ നിരവധി ക്രിസ്ത്യൻ ദേവാലയങ്ങളുടെ അൾത്താരകളിൽ ഇരിക്കുന്ന രൂപങ്ങൾ വരെ അനിലിന്റെ ശില്പകലയിലുള്ള പ്രാവീണ്യം എടുത്തുകാണിക്കുന്നു. ശില്പകല, ചിത്രകല, സാഹിത്യം എന്നിവയ്ക്കു പുറമെ നാടൻപാട്ട്, വായ്പ്പാട്ട്, തുടങ്ങിയ മേഖലകളിലും കയ്യൊപ്പ് ചാർത്തുന്ന കലാകാരൻ കൂടിയാണ് അനിൽ.

സ്വന്തം കവിതാസമാഹാരത്തിലെ കവർ ചിത്രം മുതൽ അകത്താളുകളിലെ ചിത്രങ്ങൾ വരെ വരച്ചിരിക്കുന്നതും അനിൽ തന്നെയാണ്. തന്റെ ഇഷ്ടമേഖലകളിൽ മുദ്ര പതിപ്പിക്കുവാൻ അച്ചൻ സുരേന്ദ്രന്റെയും അമ്മ ശോഭനയുടെയും പരിപൂർണ്ണപിന്തുണയുണ്ടെന്ന് അനിൽ പറയുന്നു. കലയെ സ്നേഹിക്കുന്ന ഒരുപാട്പേർക്ക് പ്രചോദനമായ അനിൽ ശില്പി വിശ്വനാഥൻ തൃക്കരിപ്പൂരിന്റെ കീഴിലാണിപ്പോൾ ക്ഷേത്രങ്ങളിലെ ശില്പ നിർമാണം ചെയ്യുന്നത്.

എഡിറ്റോറിയൽ ടീം: ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് | എഡിറ്റർ ഇൻ ചാർജ്: ജോമോൾ ജോർജ്ജ് |സബ് എഡിറ്റേഴ്സ്: അപർണ രമേശ്, പ്രിൻസ് ജോസഫ്, മരിയ ജോയ് | ഫോട്ടോഗ്രാഫേഴ്സ്: പ്രിൻസ് ജോസഫ്, ജോമോൾ ജോർജ്ജ്, അപർണ രമേശ്, | ഡിസൈൻ: ജോമോൾ ജോർജ്ജ്.